05/11/2021

04/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001


Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


**ഹർജി നമ്പർ CP.No.1364(5)/17/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 13717/SIC-G7/2017**

**സന്നിഹിത**

**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. രാമചന്ദ്രൻ നായർ,<br>രഞ്ജിനി, കൊല്ലങ്കോണം,<br>പയറ്റുവിള പി.ഒ, തിരുവനന്തപുരം. | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ജില്ലാ സഹകരണബാങ്ക്, ഹെഡ് ഓഫീസ്,<br>കിഴക്കേകോട്ട, തിരുവനന്തപുരം. | എതിർകക്ഷി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.രാമചന്ദ്രൻ നായർ കമ്മീഷൻ മുമ്പാകെ 25.10.2017 ന് സമർപ്പിച്ച പരാതി ഹർജിയും മറ്റ് അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിക്കുകയുണ്ടായി. എതിർകക്ഷി മുമ്പാകെ 29.04.2017 ന് സമർപ്പിച്ച അപേക്ഷയിൽ യാതൊരു വിവരവും ലഭ്യമായിട്ടില്ലെന്നാണ് പരാതി ഹർജി ക്കാരൻ ആരോപിച്ചിരിക്കുന്നത്.

2. പ്രസ്തുത പരാതി ഹർജി കമ്മീഷൻ മുമ്പാകെ ലഭ്യമാകുന്ന അവസരത്തിൽ കമ്മീഷണർമാരുടെ അഭാവം നിലനിന്നിരുന്നതിനാൽ യഥാസമയം പരാതി ഹർജിയിന്മേൽ തീർപ്പ്കൽപ്പിക്കാൻ കഴിയാത്ത സാഹചര്യമായിരുന്നു. 2017 വർഷത്തെ പ്രസ്തുത പരാതി ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി, ടി പരാതി

ഹർജിയിന്മേൽ ഇപ്പോഴും പരാതി നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് കമ്മീഷൻ മുമ്പാകെ അറിയിക്കുന്നതിലേയ്ക്കായി 27.10.2020 തീയതി പരാതി ഹർജിക്കാരന് കത്ത് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത കത്തിനോട് ടിയാൻ പ്രതികരിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പരാതി ഹർജിയിന്മേൽ പരാതി ഹർജിക്കാരന് പരാതി നിലനിൽക്കുന്നില്ലെന്ന നിഗമനത്തിൽ ടി പരാതി ഹർജിയിന്മേലുള്ള നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 2021 നവംബർ മാസം 5-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**

**ശ്രീലത . പി. ആർ.**

**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയപകർപ്പ്

ഫിനാൻസ് എക്സ്പേർട്ട്